# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡം</u>

T3752 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ബസ്സിൽ കയറ്റേണ്ട കുട്ടികളുടെ എണ്ണം, ബസ്സിന്റെ വേഗത, വാഹനത്തിന്റെ പഴക്കം, ഡ്രൈവറുടെ യോഗ്യത, സ്വീഡ് ഗവേണർ ഘടിപ്പിക്കൽ, എന്നീ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പോലീസ് വകുപ്പും കേരള റോഡ് സേഫ്റ്റി കൗൺസിലും സുപ്രീം കോടതിയും സ്കൂൾ വാഹനങ്ങളുടെ കാര്യത്തിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സ്കൂൾ വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് അവസാനിപ്പിക്കുന്നതിനും സ്കൂൾ വാഹനങ്ങൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ ബസ്സിന്റെ പെർമിറ്റ് മാനദണ്ഡങ്ങൾ</u>

3753 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾബസ്സിന് പെർമിറ്റ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) സ്കൂൾ ബസ്സുകൾ അപകടത്തിൽപെട്ട് കുട്ടികൾ മരിക്കുന്നതുൾപ്പെടെയുള്ള തുടർച്ചയായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള നിയമങ്ങൾ കൊണ്ട് ഇത്തരം അപകടങ്ങൾ തടയാൻ കഴിഞ്ഞില്ലെങ്കിൽ കൂടുതൽ കർശന നിയന്ത്രണങ്ങളോടെ പുതിയ നിയമങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

ഡ്രൈവിംഗ് ബാഡ്ജ്

3754 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 8-ാം ക്ലാസ് പാസ്സായവർക്ക് മാത്രമേ ഡ്രൈവിംഗ് ബാഡ്ജ് അനുവദിക്കാവൂ എന്ന നിയമം വന്നതു മൂലം തൊഴിൽ രഹിതരായ പലർക്കും ഉപജീവനം നടത്തുവാൻ ഡ്രൈവിംഗ് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡ്രൈവിംഗ് ഉപജീവനമാക്കുവാൻ ആഗ്രഹിക്കുന്ന തൊഴിൽ രഹിതർക്ക് ഡ്രൈവിംഗ് ബാഡ്ജ് കിട്ടാൻ 8-ാം ക്ലാസ് പാസ്സാകണമെന്ന നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ട്രാഫിക് നിയമങ്ങള്‍ ശക്തമാക്കാന്‍ നടപടി

3755 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങള്‍ വര്‍ദ്ധിച്ചുവരുന്നത് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; റോഡപകടങ്ങള്‍ വര്‍ദ്ധിക്കാനുള്ള പ്രധാന കാരണം ട്രാഫിക് നിയമങ്ങളും മോട്ടോര്‍ നിയമങ്ങളും ശരിയായി പാലിക്കാത്തത്കൊണ്ടാണ് എന്ന് സര്‍ക്കാര്‍ കരുതുന്നുണ്ടോ;

(ബി) ട്രാഫിക് നിയമങ്ങള്‍ നടപ്പിലാക്കാന്‍ മോട്ടോര്‍ വാഹന വകുപ്പിന്റെ കീഴിലും പോലീസിന്റെ കീഴിലും എന്തെല്ലാം നിയമ നിര്‍വ്വഹണ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) മോട്ടോര്‍ വാഹന നിയമങ്ങളും ട്രാഫിക് നിയമങ്ങളും കര്‍ശനമായി നടപ്പിലാക്കാനും അത് പരിശോധിക്കാനും ജനപ്രതിനിധികള്‍ അംഗങ്ങളായുള്ള പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും സര്‍ക്കാര്‍ തയ്യാറാകുമോ;

(ഡി) ട്രാഫിക് നിയമങ്ങള്‍ ലംഘിക്കുന്ന ഡ്രൈവര്‍മാരുടെ ലൈസന്‍സില്‍ കമ്പ്യൂട്ടര്‍ ശൃംഖല വഴി പിഴവുകള്‍ രേഖപ്പെടുത്തുന്ന എന്തെങ്കിലും സംവിധാനം നടപ്പിലാക്കുമോ;

(ഇ) പിഴവുകളുടെ എണ്ണം പരിശോധിച്ച് ഡ്രൈവര്‍മാര്‍ക്ക് ഗ്രേഡിംഗ് ഏര്‍പ്പെടുത്തുകയും അവരെ എന്‍.എച്ച്/എസ്.എച്ച് കളില്‍ വാഹനം ഓടിക്കുന്നതിന് ഗ്രേഡ് അനുസരിച്ച് നിയന്ത്രിക്കുകയും ചെയ്യാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ബസ്സുകളിൽ വാതിൽ സംവിധാന പരിഷ്ക്കരണം

3756 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ ബസ്സുകൾ വാതിൽ തുറന്നിട്ട് അമിതവേഗത്തിൽ പോകുന്നതിനാൽ യാത്രക്കാർ ബസ്സുകളിൽ നിന്നും തെറിച്ച് വീണ് അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബസ്സുകളിൽ അടച്ചുറപ്പുള്ള വാതിൽ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കണമെന്നും, അല്ലാത്ത ബസ്സുകൾക്കെതിരെ നടപടി എടുക്കണമെന്നുമുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ബസ്സുകളിൽ വാതിൽ സംവിധാനം കാലോചിതമായി പരിഷ്ക്കരിച്ച് ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന ട്രാൻസ്പോർട്ട് വകുപ്പിന്റെ ശുപാർശയിൽ തുടർനടപടികൾ എടുക്കാത്തതെന്താണെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

റോഡപകടങ്ങൾ കൂടി വരുന്നതിന്റെ സാഹചര്യങ്ങൾ

3757 ശ്രീമതി കെ. എസ്. സലീഖ
ശ്രീ.ജെയിംസ് മാത്യു
,, ആർ. രാജേഷ്
ഡോ.കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ അപകടങ്ങൾ കൂടി വരുന്നതിന്റെ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) വൻ അപകടങ്ങളുണ്ടാകുമ്പോൾ മാത്രം ചില നടപടികൾ എന്നതിനപ്പുറം അപകട കാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്താനും, അതിന്റെ അടിസ്ഥാനത്തിൽ ദീർഘകാല നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ലോറികളിൽ സ്പീഡ് ഗവേണർ സ്ഥാപിക്കാൻ നടപടി</u>

3758 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ രാത്രികാലങ്ങളിൽ ഓടുന്ന നാഷണൽ പെർമിറ്റ് ലോറികൾ തുടരെത്തുടരെ അപകടങ്ങൾ വരുത്തിവെക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുവാഹനങ്ങളെ ശ്രദ്ധിക്കാതെയും ഗതാഗത നിയമങ്ങൾ പാലിക്കാതെയും രാത്രികാലങ്ങളിൽ ലോറികൾ ഓടിക്കുന്നതു മൂലം ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചേർത്തല-തൃശൂർ നാലുവരിപ്പാതയിൽ ഭാരം കയറ്റിയ ലോറികൾ മറ്റു വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയാത്ത തരത്തിൽ വലതു അറ്റത്തു കൂടി ഓടിക്കുന്നത് തടയാൻ നിർദ്ദേശം നൽകുമോ;

(ഡി) രാത്രികാലങ്ങളിൽ ഓടിക്കുന്ന ലോറികളിൽ സ്പീഡ് ഗവേർണർ ഉറപ്പുവരുത്താനും അമിതവേഗത്തിലും ഗതാഗതനിയമങ്ങൾ ലംഘിച്ചും ഓടിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഇ) രാത്രികാലങ്ങളിൽ ഓടിക്കുന്ന ലോറികളിൽ അവർക്ക് നിഷ്ക്ർഷിച്ചിട്ടുളള സമയങ്ങളിൽ മാത്രം ഓടിക്കുവാനും ലൈസൻസുളള ഡ്രൈവർമാർ തന്നെയാണോ വാഹനം ഓടിക്കുന്നത് എന്നും ഉറപ്പു വരുത്താനും കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ദേശീയപാതയിൽ റോഡ് സുരക്ഷാ നടപടികൾ</u>

3759 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ - തിരുവനന്തപുരം ദേശീയപാതയിൽ 2011 ജനുവരി മുതൽ സെപ്തംബർ 30 വരെ ഉണ്ടായ അപകടങ്ങളിൽ മരണപ്പെട്ടവർ എത്രയെന്ന് വിവരം നൽകുമോ ;

(ബി) ദേശീയപാതയിൽ ഉണ്ടാകുന്ന അപകട മരണത്തിൽപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ആറ്റിങ്ങൽ - തിരുവനന്തപുരം ദേശീയപാതയിൽ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ നിയമലംഘനം</u>

3760

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ സ്കൂളിൽ കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിലവിലെ നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള എത്ര വാഹനങ്ങൾക്ക് നേരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കുട്ടികളുടെ യാത്രാകാര്യത്തിൽ അലംഭാവം കാണിക്കുന്ന സ്കൂൾ മാനേജ്മെന്റിനെതിരെ എന്തു നടപടിയാണ് നിലവിൽ സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>റോഡ് നികുതി</u>

3761 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർഷാവർഷം എത്ര രൂപ റോഡ് നികുതിയിനത്തിൽ പിരിഞ്ഞു കിട്ടുന്നുണ്ട് ;

(ബി) പ്രസ്തുത തുകയിൽ എത്ര രൂപ തൻവർഷം റോഡ് വികസനത്തിനും മറ്റുമായി ചെലവഴിക്കുന്നുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ആർ. ടി. ഓഫീസുകളുടെ നവീകരണം

3762 ശ്രീ. എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആർ.ടി. ഓഫീസുകളുടെ നവീകരണത്തിനായി നടപടി സ്വീകരിക്കുമോ ;

(ബി) ലൈസൻസ് പുതുക്കൽ, പെർമിറ്റ് പുതുക്കൽ മുതലായവയ്ക്ക് ഓൺലൈൻ അപേക്ഷ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) ആർ.ടി. ഓഫീസുകളിലെ വിവിധ സേവനങ്ങൾക്കുണ്ടാകുന്ന കാലതാമസം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്</u>

3763 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗതാഗതവകുപ്പിൽ കഴിഞ്ഞ പത്തുവർഷത്തിനിടെ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് നല്കാമോ ;

(ബി) ഇവയിൽ എത്രയെണ്ണം കണ്ടം ചെയ്തതിനാൽ രജിസ്ട്രേഷൻ കാൻസൽ ചെയ്യാൻ അപേക്ഷ ലഭിച്ചിട്ടുണ്ട് ;

(സി) സർക്കാർ വാഹനങ്ങളിൽ ഏതെങ്കിലും □റീരജിസ്ട്രേഷൻ□ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അനധികൃത രജിസ്ട്രേഷൻ തടയാൻ നടപടി</u>

3764 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ലോറികൾ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി വ്യാജവിലാസങ്ങളുണ്ടാക്കി രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തുമാത്രം സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന് പുറത്ത് നാഷണൽ പെർമിറ്റ് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന ലോറികൾ ഇവിടെതന്നെ ചരക്ക് നീക്കം നടത്തുന്നത് ചട്ടലംഘനമല്ലേ ;

(സി) ഇത്തരം അനധികൃത രജിസ്ട്രേഷൻ നടത്തുന്ന വാഹന ഉടമകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇത്തരം അനധികൃത രജിസ്ട്രേഷൻ മൂലം എത്ര രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട് ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള കുറ്റകൃത്യം</u>

3765 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ - 5ഇ 3490 എന്ന നമ്പരിലുള്ള എൻഫീൽഡ് മോട്ടോർ സൈക്കിൾ ആർക്കുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വാഹനം യഥാ സമയം ടാക്സ് അടയ്ക്കാറുണ്ടോ ; എങ്കിൽ ഏത് ആർ.ടി. ഓഫീസിലാണ് ടാക്സ് അടയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓണർഷിപ്പ് മാറാതെ പ്രസ്തുത വാഹനം വിവിധ കൈമാറ്റം നടത്തുകയും ഇപ്പോൾ കൈവശം ഇരിക്കുന്ന ആൾ പ്രസ്തുത വാഹനം ഉപയോഗിച്ച് അനേകം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെ സംബന്ധിച്ച് തിരുവനന്തപുരം ആർ.ടി.ഒ യ്ക്കു ലഭിച്ച പരാതിയിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വാഹനത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥനെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത വാഹനത്തിന്റെ കരം അടയ്ക്കുമ്പോൾ നിലവിലുള്ള ഉടമസ്ഥനെ കണ്ടെത്തി, വിശദാംശം തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി</u>

3766 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ നിലവിൽ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) മോട്ടോർ വാഹന വകുപ്പിലെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിൽ വിജിലൻസ് വിഭാഗം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിന് പ്രത്യേക പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ പൗരാവകാശരേഖ</u>

3767 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) 2008-ൽ മുൻ ഗതാഗത വകുപ്പ് മന്ത്രി രണ്ട് പേജുള്ള പൗരാവകാശരേഖയുടെ കരട് പുറത്തിറക്കിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൗരാവകാശരേഖ എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

എ. എം. വി. ഐ തസ്തികയിലേയ്ക്കുള്ള നിയമനം

3768 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ എ. എം. വി. ഐ. തസ്തികയിലേയ്ക്കുള്ള നിയമനത്തിനുവേണ്ട അടിസ്ഥാന യോഗ്യത എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര എ. എം. വി. ഐ. തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവരിൽ എത്രപേർക്ക് ബി. ടെക് യോഗ്യത ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എ. എം. വി. ഐ. തസ്തികയുടെ അടിസ്ഥാന യോഗ്യത ബി. ടെക് ആക്കുവാൻ എന്തെങ്കിലും ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ഡി പ്രസ്തുത വിഷയത്തിൽ നയം എന്ത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിന് നടപടി</u>

3769 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പ്രതിവർഷം ഇന്ധനം വാങ്ങിയ വകയിൽ എണ്ണക്കമ്പനികൾക്ക് മാത്രമായി എന്തുതുകയാണ് കൊടുക്കുന്നത്; കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രകൃതിവാതകം ഉപയോഗിച്ചാൽ പ്രതീക്ഷിക്കപ്പെടുന്ന ലാഭം എത്ര;

(ഡി) ഇതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം ചുരുക്കിക്കൊണ്ടുവരാൻ സാധിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി</u>

3770 ശ്രീ. ബെന്നി ബെഹനാൻ
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം യാത്രാക്ലേശം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുവാനും പുതിയ ബസ്സ് നിരത്തിലിറക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(സി) പുതിയ ബസ്സുകളുടെ ചേസിസ് എങ്ങനെയാണ് വാങ്ങാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അമിത നിരക്ക് ഈടാക്കുന്നത് തടയാൻ നടപടി</u>

3771 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരവൂരിൽ നിന്നും ചാത്തന്നൂർ വഴി കൊട്ടിയം ഭാഗത്തേക്ക് പോകുന്ന ബസ്സുകളിൽ ചാത്തന്നൂർ തിരുമുക്ക് തിരിഞ്ഞ് കൊട്ടിയം ഭാഗത്തേക്ക് പോകുവാൻ എത്ര ബസ്സുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്നും, പ്രസ്തുത ബസ്സുകളുടെ വിശദാംശം അറിയിക്കുമോ ;

(ബി) തിരുമുക്ക് വഴി തിരിഞ്ഞുപോകുന്ന ബസ്സുകളിൽ ഇത്തിക്കര വരെ യാത്രചെയ്യുന്ന യാത്രക്കാരിൽ നിന്നും ചാത്തന്നൂർ ജംഗ്ഷൻ വരെ പോയി മടങ്ങിവരുന്ന നിരക്ക് ഉൾപ്പെടെയുള്ള തുക ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മീനാട് ഫെയർ സ്റ്റേജ് കഴിഞ്ഞാൽ ഇത്തിക്കര ഫെയർ സ്റ്റേജ് ഉണ്ടെന്നിരിക്കെ ചാത്തന്നൂർ ജംഗ്ഷൻ കൂടി ഉൾപ്പെട്ട ഫെയർ സ്റ്റേജ് കൂലി വർഷങ്ങളായി ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ഡി) ചാത്തന്നൂർ ജംഗ്ഷനിൽ പോകുവാൻ പെർമിറ്റുള്ള നിരവധി ബസ്സുകൾ തിരുമുക്ക് തിരിഞ്ഞ് പോകുന്നത് തടയുവാൻ ഗവൺമെന്റ് കർശന നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

മാവേലിക്കരയിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ

3772 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകളില്ലാത്തതിനാൽ മാവേലിക്കര മണ്ലത്തിലെ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലിക്കരയിൽ നിന്നും ധാരാളം പേർ ബാംഗ്ലൂരിലും മറ്റും ജോലിചെയ്തുവരുന്നതിനാൽ ഇവിടെ നിന്നും ബാംഗ്ലൂരിലേക്ക് ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കര ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവ്</u>

3773 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവുമൂലം സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിച്ച് സർവ്വീസുകൾ മുടങ്ങാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

കൊടുവള്ളി - എൻ. ഐ. ടി. - നായർകുഴി വഴി ബസ് സർവ്വീസ്

3774 ശ്രീ. പി. റ്റി എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി - എൻ. ഐ. ടി. - നായർകുഴി വഴി കൂളിമാട് ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ദേശമംഗലം-വറവട്ടൂർ വഴി ഷെഡ്യൂൾ പുനഃസ്ഥാപിക്കൽ</u>

3775 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ദേശമംഗലം-വറവട്ടൂർ വഴി കെ.എസ്.ആർ.ടി.സി. തൃശൂർ ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തിയിരുന്നതെന്ന് പറയാമോ;

(ബി) ഇതിലേതെങ്കിലും ഷെഡ്യൂൾ നിറുത്തലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ഷെഡ്യൂൾ പുനഃസ്ഥാപിക്കുന്നതിനായി യാത്രക്കാരിൽ നിന്നും മറ്റും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) യാത്രാക്ലേശം രൂക്ഷമായ ഈ റൂട്ടിൽ നിറുത്തലാക്കിയ സർവീസ് പുനഃസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

വൈക്കം ഡിപ്പോയിൽ നിന്നും ചെയിൽ സർവ്വീസ്

3776 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ നിന്നും ഏറെ തിരക്കേറിയ വൈക്കം-കോട്ടയം, വൈക്കം-എറണാകുളം റൂട്ടുകളിലേക്ക് ചെയിൻസർവ്വീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ;

(ബി) ഇപ്പോൾ വൈക്കം ഡിപ്പോയിൽ നിന്നും ഏതൊക്കെ റൂട്ടുകളിലാണ് ചെയിൻസർവ്വീസ് നടത്തുന്നത് ;

(സി) വൈക്കം ഡിപ്പോയിൽ നിന്നും ആരംഭിച്ച ഏതെങ്കിലും ചെയിൻ സർവ്വീസ് നിറുത്തലാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

കരുനാഗപ്പള്ളി കെ.എസ്.ആര്‍.ടി.സി. ഡിപ്പോ

3777 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരുനാഗപ്പളളി കെ.എസ്.ആര്‍.ടി.സി ഡിപ്പോയില്‍ നിന്നും എത്ര ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുളളത്; ഇതില്‍ ശരാശരി എത്ര ഷെഡ്യൂളുകള്‍ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) കരുനാഗപ്പളളി കെ.എസ്.ആര്‍.ടി.സി ഡിപ്പോയില്‍ ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

കാസർഗോഡ് ഡിപ്പോയിൽ നിന്നുള്ള ബസ്സുകളുടെ സർവ്വീസ്

3778 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിൽ നിന്നുള്ള എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) അനുവദിക്കപ്പെട്ട റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിക്കാൻ ബാക്കിയുണ്ടോ ; എങ്കിൽ ആ റൂട്ടുകൾ ഏതൊക്കെയാണ് ;

(സി) കാസർഗോഡ് ഡിപ്പോയിൽ എത്ര ബസ്സുകളാണ് ആവശ്യമായിട്ടുള്ളത് ; എത്ര ബസ്സുകളുടെ കുറവാണുള്ളത് ;

(ഡി) 2006-11 വർഷക്കാലയളവിൽ എത്ര ബസ്സുകൾ കാസർഗോഡ് ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട് ;

(ഇ) പുതിയ എത്ര ബസ്സുകൾ കാസർഗോഡ് ഡിപ്പോയിൽ അനുവദിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലേക്കു പുതിയ ബസ് ഷെഡ്യൂളുകൾ</u>

3779 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലേക്കു പുതിയ ബസ് ഷെഡ്യൂളുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) കൈനകരി-വണ്ടാനം മെഡിക്കൽകോളേജ്, എടത്വ-തായങ്കേരി വഴിപുളിങ്കുന്ന്, ചങ്ങനാശ്ശേരി-വടക്കൻ വെളിയനാട് എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പുതിയ ബസ്സ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പ്രോട്ടോക്കോൾ ലംഘിച്ച് ബസ്സ് ഫ്ളാഗ് ഓഫ് ചെയ്തതിനെതിരെ നടപടി</u>

3780 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടത്വാ ഡിപ്പോയിൽ നിന്നും എത്ര ബസ്സുകളാണ് റിപ്പയർ ചെയ്യുന്നതിന് സെൻട്രൽ ഡിപ്പോയിലേയ്ക്ക് നൽകിയിരിക്കുന്നതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഇതുമൂലം ഏതെല്ലാം സർവ്വീസുകളാണ് മുടങ്ങുന്നതെന്ന് വിശദമാക്കുമോ;

(സി) മുടങ്ങിയ സർവ്വീസുകൾക്ക് പകരം എത്ര ബസ്സുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ഡി) പകരം അനുവദിച്ച ബസ്സുകൾ എം.പി. ഫ്ളാഗ് ഓഫ് ചെയ്ത നടപടി ആരുടെ നിർദ്ദേശത്തെ തുടർന്നാണെന്ന് വിശദമാക്കുമോ;

(ഇ) സ്ഥലം എം.എൽ.എ. യേയും പഞ്ചായത്ത് പ്രസിഡന്റിനെയും പ്രസ്തുത പരിപാടി അറിയിക്കാതെ നടത്തിയത് പ്രോട്ടോക്കോൾ ലംഘനമാണെന്ന കാര്യം വ്യക്തമാക്കുമോ;

(എഫ്) പ്രോട്ടോക്കോൾ ലംഘനമാണെങ്കിൽ ആയതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ഷട്ടില്‍ സര്‍വ്വീസുകള്‍ ഓടിക്കുവാന്‍ നടപടി</u>

3781 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൂവാര്‍ ഹയര്‍സെക്കന്ററി സ്കൂള്‍, കാഞ്ഞിരംകുളം പി. കെ. എസ്. ഹയര്‍ സെക്കന്ററി സ്കൂള്‍, കാഞ്ഞിരംകുളം ഗവണ്‍മെന്റ് ഹൈസ്കൂള്‍, നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഹയര്‍ സെക്കന്ററി സ്കൂള്‍, നെല്ലിമൂട് ന്യൂ ഹയര്‍ സെക്കന്ററി സ്കൂള്‍, ബാലരാമപുരം ഗവണ്‍മെന്റ് ഹയര്‍ സെക്കന്ററി സ്കൂള്‍ തുടങ്ങി നിരവധി വിദ്യാലയങ്ങള്‍ സ്ഥിതി ചെയ്യുന്ന പൂവാര്‍-കാഞ്ഞിരംകുളം-ബാലരാമപുരം റൂട്ടില്‍ അദ്ധ്യയന ദിവസങ്ങളില്‍ കൂടുതല്‍ ഷട്ടില്‍ സര്‍വ്വീസുകള്‍ ഓടിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) ബന്ധപ്പെട്ട സ്കൂള്‍ അധികൃതരെയും, പി.റ്റി.എ. ഭാരവാഹികളെയും, ജനപ്രതിനിധികളെയും ഉള്‍പ്പെടുത്തി ഒരു കോണ്‍ഫറന്‍സ് വിളിച്ച് ഇത് സംബന്ധിച്ച തീരുമാനം എടുക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി സർവ്വീസ് പുനരാരംഭിക്കാൻ നടപടി</u>

3782 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കൽപ്പറ്റ-മേപ്പാടി-നത്തംകുനി-പുറ്റാട് റൂട്ടിൽ കെ.എസ്.ആർ. ടി.സി. എത്ര ബസ് സർവ്വീസ് നടത്തിയിരുന്നു;

(ബി) പ്രസ്തുത ബസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റൂട്ടിൽ ഇപ്പോൾ ബസ് സർവ്വീസ് നടത്തുന്നതിനുള്ള തടസ്സം എന്തെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 17.10.2011-ലെ മറുപടിക്ക്

മലപ്പുറം-മഞ്ചേരി-കരുവാരക്കുണ്ട് ബസ് സർവീസ്

3783 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഗതാഗതത്തിന് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം-മഞ്ചേരി-കരുവാരക്കുണ്ട് ബസ് സർവ്വീസ് ഉടൻ ആരംഭിക്കാനാവുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിൽ പുതിയ ബസ്സ് റൂട്ടുകൾ</u>

3784 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ബസ്സ് റൂട്ടുകൾ അനുവദിക്കാൻ അടയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാക്ലേശം</u>

3785 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുവാൻ കൂടുതൽ കൺസെഷൻ കാർഡുകൾ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കുട്ടികളുടെ യാത്രാസമയങ്ങളിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ടിക്കറ്റ് നൽകാൻ കർശന നിർദ്ദേശം</u>

3786 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) അവയിൽ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ, ഓർഡിനറി ബസ്സുകൾ എന്നിവ എത്ര എണ്ണം വീതമുണ്ട്;

(സി) പ്രസ്തുത ബസ്സുകളിലെ ഭൂരിഭാഗവും യാത്രക്കാർക്ക് ടിക്കറ്റുകൾ നൽകിവരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാത്ര ചെയ്യുന്ന സമയത്ത് നൽകുന്ന പണത്തിന് ടിക്കറ്റ് ലഭിക്കണം എന്നത് യാത്രക്കാരന്റെ അവകാശം ആണെന്നിരിക്കെ, ടിക്കറ്റ് നൽകണം എന്നു കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പൊതുഗതാഗത സൗകര്യം വര്‍ധിപ്പിക്കാന്‍ നടപടി</u>

3787 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളില്‍ ഗതാഗതക്കുരുക്കുകള്‍ കൂടി വരുന്ന സാഹചര്യത്തില്‍ പൊതുഗതാഗത സൗകര്യം വര്‍ധിപ്പിക്കേണ്ടത് സംബന്ധിച്ച് ഒരു പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ ചെറു വാഹനങ്ങളുടെ എണ്ണം കുറക്കുവാനും കൂടുതല്‍ കെ.എസ്.ആര്‍.ടി.സി ബസുകള്‍ ഓടിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.ആര്‍.ടി.സി. ബസുകളുടെ എണ്ണം ഗണ്യമായി വര്‍ദ്ധിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ.

(ഇ) സംസ്ഥാനത്ത് ഏറെ വര്‍ഷങ്ങളായി സ്വകാര്യ ബസുകളുടെ എണ്ണം വര്‍ധിക്കുന്നതിന് ആനുപാതികമായി കെ.എസ്.ആര്‍.ടി.സി ബസുകളുടെ എണ്ണം വര്‍ധിക്കുന്നില്ല എന്ന കാര്യം പരിശോധിക്കുമോ;

(എഫ്) അടുത്ത വര്‍ഷങ്ങളില്‍ എത്ര പുതിയ കെ.എസ്.ആര്‍.ടി.സി. ബസുകളാണ് പുതുതായി വാങ്ങാന്‍ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

## ടയർ റീസോളിംഗ് പ്ലാന്റുകൾ

3788 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യുടെ ടയർ റീസോളിംഗ് പ്ലാന്റുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ചാലക്കുടി കെ.എസ്.ആർ.ടി.സി. ഓഫീസ്

3789 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പണി പൂർത്തിയാക്കിയ സബ് ആർ.ടി.ഒ. ഓഫീസും, കെ.എസ്.ആർ.ടി.സി. സ്റ്റാഫിനുള്ള റെസ്റ്റ്റൂമും എന്ന് ഉദ്ഘാടനം നടത്തി പ്രവർത്തനക്ഷമമാക്കാൻ കഴിയും എന്നറിയിക്കാമോ;

(ബി) ടൂറിസ്റ്റുകേന്ദ്രമായ അതിരപ്പിള്ളിയിൽ നിന്നും തലസ്ഥാനനഗരമായ തിരുവനന്തപുരത്തേയ്ക്ക് ചാലക്കുടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന എക്സ്പ്രസ്സ് ബസ്സും, പ്രസ്തുത കേന്ദ്രത്തിൽ നിന്നും പഴനി, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്കായി പുതിയ സർവ്വീസും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അതിരപ്പള്ളി-മലക്കപ്പാറ ഹൈറേഞ്ച് റൂട്ടിലോടുന്ന ബസ്സ് പതിവായി കേടാകുന്നതടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പുതിയ ബസ്സ് ലൈലാൻഡ് ഷോർട്ട് വീൽ ബേസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 17.10.2011-ലെ മറുപടിക്ക്

<u>വയനാട് - മൈസൂർ ദേശീയപാതയിൽ രാത്രിയാത്രാ നിരോധനം</u>

3790 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബന്ദിപ്പൂർ മേഖലയെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായി പ്രഖ്യാപിച്ച് കേന്ദ്ര - വനം പരിസ്ഥിതി മന്ത്രാലയം ഈയിടെ പുതിയ വിജ്ഞാപനം ഇറക്കുകയുണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് വയനാട് - മൈസൂർ ദേശീയ പാതയിൽ രാത്രിയാത്രാ നിരോധനം നീക്കി എടുക്കാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് തിരിച്ചടിയാകുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇത് സംബന്ധമായ കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലുണ്ടോ; എങ്കിൽ അത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) പുതിയ വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ സുപ്രീം കോടതിയിൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കും; നിയമ വിദഗ്ദ്ധരുടെ അഭിപ്രായം ആരായുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആധുനികവത്ക്കരണം</u>

3791 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വ്യാപാര സമുച്ചയം നിർമ്മിക്കാൻ തയ്യാറാക്കിയ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; എത്ര നിലയുള്ള കെട്ടിടമാണ് പദ്ധതിയിലുള്ളത്; ഏത് വ്യവസ്ഥയിലാണ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; എത്ര സ്ഥലം ഇതിനായി നീക്കിവെച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ കാലതാമസം ഉണ്ടാകാൻ സാധ്യതയുണ്ടോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണവും നടത്തിപ്പും സംബന്ധിച്ച് നടപടി</u>

3792 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വാണിജ്യ സമുച്ചയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത വാണിജ്യ സമുച്ചയത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ;

(സി) വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണവും നടത്തിപ്പും പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലാണോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിന് നടപടി</u>

3793 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ കെ. എസ്. ആര്‍. ടി. സി. ഡിപ്പോയുടെ പ്രവര്‍ത്തനം വിപുലപ്പെടുത്തുന്നതു സംബന്ധിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാ എംപ്ലോയീസ് ഫെഡറേഷന്‍ സമര്‍പ്പിച്ച നിവേദനം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കല്‍പ്പറ്റ ഡിപ്പോയുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആസ്ഥാനമെന്ന നിലയില്‍ കല്‍പ്പറ്റ ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങള്‍ വിപുലപ്പെടുത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കണ്ണൂരിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ</u>

3794 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂരിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ശോചനീയവാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; സ്റ്റേഷനിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള വികസനം നടപ്പിലാക്കുവാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ബസ് സ്റ്റേഷനുകളിൽ വനിതാ വിശ്രമകേന്ദ്രം</u>

3795 ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ബസ് സ്റ്റേഷനുകളിലും വനിതാ വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുള്ള ബസ് സ്റ്റേഷനുകൾ ഏതൊക്കെയാണ് ;

(സി) ബസ് സ്റ്റേഷനുകളിൽ പോലീസ് സഹായവും മെച്ചപ്പെട്ട ടോയ്ലറ്റ് സംവിധാനവും ഒരുക്കുന്നതിന് നടപടികൾ സ്വീരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ബോർഡുകളുടെ നവീകരണം

3796 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ റൂട്ട് കാണിച്ചിട്ടുള്ള ബോർഡിൽ എഴുതിയിട്ടുള്ള അക്ഷരങ്ങൾ വ്യക്തമല്ലാതെയിരിക്കുന്നതിനാലും ബോർഡിൽ വെളിച്ചം കുറവായതിനാലും ജനങ്ങൾക്ക് വായിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിളങ്ങുന്ന പെയിന്റ് ഉപയോഗിച്ച് സ്ഥലങ്ങളുടെ പേര് എഴുതുന്നതിനും റൂട്ട് എഴുതിയിട്ടുള്ള ബോർഡിൽ നല്ല പ്രകാശമുള്ള ബൾബുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യെ ലാഭത്തിലാക്കാൻ നടപടി</u>

3797 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ലാഭത്തിലാക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിലുള്ള അനുപാതം എപ്രകാരമാണ് എന്ന് വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി യിൽ നിന്ന് വിരമിച്ച എത്രപേർ പെൻഷൻ വാങ്ങുന്നുണ്ട്; ഈയിനത്തിൽ പ്രതിമാസം എന്തുതുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി യുടെ കടം എത്ര തുക ഇതിനകം എഴുതിത്തള്ളിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ആർ.ടി.സിക്ക് ഇപ്പോൾ എത്ര തുകയാണ് കടം നിലവിലുള്ളത്; ഇതിന് പലിശ നൽകാനായി പ്രതിമാസം എത്ര തുകയാണ് വേണ്ടിവരുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം</u>

3798 ഡോ.എൻ.ജയരാജ്
ശ്രീ.സി.എഫ്.തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.നിലവിൽ ലാഭകരമായാണോ പ്രവർത്തിക്കുന്നത് ;

(ബി) അല്ലായെങ്കിൽ കോർപ്പറേഷന്റെ നഷ്ടം എത്രയാണ് ;

(സി) നഷ്ടം നികത്തുന്നതിന് സർക്കാരിൽ നിന്നും 2011-12 ലെ ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് അനുവദിച്ച് ലഭിച്ചിട്ടുള്ളത് ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകൾ പുനർനിർണ്ണയം ചെയ്യുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എത്ര ഷെഡ്യൂളുകൾ പുനർ നിർണ്ണയിച്ചു ;

(എഫ്) ഇതിൽ നിന്നും ലഭിച്ച സാമ്പത്തിക നേട്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.യുടെ പ്രതിമാസ വരുമാന കണക്ക്</u>

3799 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജനുവരി മുതൽ സെപ്റ്റംബർ 30 വരെ കെ. എസ്. ആർ. ടി. സി.യുടെ പ്രതിമാസ വരുമാന കണക്ക് മാസം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാസങ്ങളിലെ കെ. എസ്. ആർ. ടി. സി.യുടെ പ്രതിമാസ ലാഭനഷ്ടകണക്കിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ വരുമാനം

3800 ശ്രീ. ബെന്നി ബെഹനാൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുന്നതിന് മുമ്പ് കെ. എസ്. ആർ. ടി. സി. യുടെ ശരാശരി പ്രതിമാസ വരുമാനം എത്രയായി രുന്നു ;

(ബി) സർക്കാർ അധികാരമേറ്റശേഷം ഇപ്പോൾ ശരാശരി വരുമാനം എത്രയാണ് ;

(സി) 100 ദിവസത്തെ ഫലപ്രദമായ നടപടികളിലൂടെ ഓരോ മാസവും നഷ്ടത്തിന്റെ തോത് കുറക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നഷ്ടത്തിന്റെ തോത് കുറയ്ക്കുവാൻ കെ. എസ്. ആർ. ടി. സി. എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിയത് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ബസ് ചാര്‍ജ് വര്‍ദ്ധന

3801 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ബസ് ചാര്‍ജ് വര്‍ദ്ധിപ്പിച്ചതിന്റെ ഭാഗമായി, എക്സ്പ്രസ്സ് ഫാസ്റ്റ് പാസഞ്ചര്‍, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചര്‍, ഓര്‍ഡിനറി എന്നീ വിഭാഗങ്ങള്‍ക്ക് കിലോമീറ്ററിന് എത്ര പൈസ വീതമാണ് വര്‍ദ്ധിപ്പിച്ചത്;

(ബി) ഇതു പ്രകാരം മേല്‍ വിഭാഗങ്ങളുടെ ഓരോന്നിന്റെയും കിലോമീറ്ററിനുളള പൈസ എത്രയാണ്; ചാര്‍ജ് വര്‍ദ്ധനയുടെ ഭാഗമായി കെ.എസ്.ആര്‍.ടി.സി. യുടെ കളക്ഷനില്‍ എത്ര രൂപയുടെ വര്‍ദ്ധന ഉണ്ടായിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വര്‍ദ്ധിപ്പിച്ച ബസ്സ് നിരക്കുകള്‍</u>

3802 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്തെ വര്‍ദ്ധിപ്പിച്ച ബസ്സ് നിരക്കുകള്‍ കിലോമീറ്റര്‍/ഫെയര്‍സ്റ്റേജ് അടിസ്ഥാനത്തില്‍ കഴിഞ്ഞ അഞ്ച് വര്‍ഷത്തിനിടയിലുണ്ടായ ഓരോ വര്‍ദ്ധനവുമായി താരതമ്യപ്പെടുത്തി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യെ പുരോഗതിയിലേയ്ക്ക് നയിക്കാൻ നടപടി

3803 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം കെ. എസ്. ആർ. ടി. യുടെ നടത്തിപ്പിൽ ഘടനാപരമായ മാറ്റം വരുത്താൻ കഴിഞ്ഞതായി കരുതുന്നുണ്ടോ;

(ബി) കളക്ഷനിൽ വർദ്ധനവുണ്ടായോ; എങ്കിൽ ഇതുവഴി പ്രതിമാസ നഷ്ടത്തുകയിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയുണ്ടായോ; ഇത് വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ടോ; നിലവിൽ എത്ര ഷെഡ്യൂളുകൾ ഉണ്ട്;

(ഡി) നേരത്തേ കേടായിക്കിടന്ന ബസ്സുകൾ എത്ര; അതിൽ നിന്ന് ഇപ്പോൾ റോഡിലിറക്കിയവ എത്ര;

(ഇ) പുതിയ ബസ്സുകൾ വാങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എത്ര ബസ്സുകൾ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കെ.എസ്. ആർ.ടി.സി. ഗ്ലോബൽ പൊസിഷനിംങ് സിസ്റ്റം</u>

3804 ശ്രീ. വി.എസ്. സുനിൽ കുമാർ
,, ചിറ്റയം ഗോപകുമാർ
,, ജി.എസ്. ജയലാൽ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്. ആർ.ടി.സി. ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും ഗ്ലോബൽ പൊസിഷനിംങ് സിസ്റ്റം (ജി.പി.എസ്) ഘടിപ്പിക്കാനുളള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ സിസ്റ്റം ഘടിപ്പിക്കുന്നതുകൊണ്ടുളള നേട്ടങ്ങളും പ്രയോജനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസഥാനത്ത് ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും എത്ര വീതം ഓടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സിസ്റ്റം ഘടിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം

3805 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ യാത്രാ സൗജന്യം അനുവദിക്കുന്നത് ;

(ബി) എല്ലാ റൂട്ടുകളിലേയ്ക്കും യാത്രാ സൗജന്യം അനുവദിക്കുന്നുണ്ടോ ; എങ്കിൽ യാത്രാ സൗജന്യം അനുവദിക്കുന്ന റൂട്ടുകളുടെ പ്രത്യേകത എന്താണ് ;

(സി) പുതുതായി ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്ര പ്രശ്നം</u>

3806 ശ്രീ. പി. ഉബൈദുള്ള
'' പി.കെ. ബഷീർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ ടിക്കറ്റ് നല്കുന്നതിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇങ്ങനെ ക്വാട്ട നിശ്ചയിക്കുന്നതുമൂലം അർഹരായ പല വിദ്യാർത്ഥികൾക്കും സൗജന്യം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതു പരിഹരിക്കാൻ ക്വാട്ട വർദ്ധിപ്പിക്കുമോ ;

(സി) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. 'സ്റ്റുഡൻസ് ഒൺളി' സർവ്വീസുകൾ ആരംഭിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

**<u>അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിലെ തടസ്സങ്ങൾ</u>**

3807

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 സെപ്റ്റംബർ 18 ന് പി.എസ്.സി. പ്രസിദ്ധീകരിച്ച 14000 പേർ ഉൾപ്പെട്ട കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് (2004 ഡിസംബർ 31) അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരായി നിയമനം ലഭിച്ച് കഴിഞ്ഞ 7 വർഷക്കാലമായി ദിവസവേതനത്തിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 912 കണ്ടക്ടർമാരെ സർക്കാർ സ്ഥിരപ്പെടുത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇനിയൊരു പി.എസ്.സി. പരീക്ഷ എഴുതുവാൻ പ്രായപരിധി അനുവദിക്കാത്ത പ്രസ്തുത വിഭാഗത്തെ മാനുഷിക പരിഗണന പ്രകാരം സ്ഥിരപ്പെടുത്തണമെന്ന കാര്യം പരിഗണിക്കണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശം പരിഗണിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് സദയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>''എം.'' പാനലിൽ ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി</u>

3808 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി യിൽ ''എം'' പാനലിൽ ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) എങ്കിൽ എത്ര വർഷം വരെ ജോലി ചെയ്തവരെയാണ് പരിഗണിച്ചിട്ടുള്ളത്;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി

3809 ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ഏതൊക്കെ കാറ്റഗറിയിലുള്ള ജീവനക്കാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ;

(ബി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

**ജലയാനങ്ങൾ ഗതാഗത നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് നടപടി**

3810 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളിലും ഉൾനാടൻ ജലപാതകളിലുമായി ചെറുതും വലുതുമായ എത്ര ജലയാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ജലയാനങ്ങൾ ഗതാഗത നിയമപ്രകാരം രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥയുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പറശ്ശിനിക്കടവ് - മാട്ടൂല്‍ ബോട്ട് സര്‍വ്വീസ്</u>

3811 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ ആരംഭിച്ച പറശ്ശിനിക്കടവ് -മാട്ടൂല്‍ ബോട്ട് സര്‍വ്വീസ് പഴയങ്ങാടിവരെ നീട്ടാന്‍ നടപടി സ്വീകരിക്കുമോ;

(ബി) കണ്ണൂര്‍ ജില്ലയില്‍ പുതുതായി ഏതെങ്കിലും ബോട്ട് സര്‍വ്വീസ് തുടങ്ങാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

സൂപ്പര്‍ ന്യൂമററിയായി നിയമനം നടത്തുന്നതിന്
അടിയന്തിര നടപടി

3812 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാറ്റഗറി നമ്പര്‍ 258/2004 പ്രകാരം നിലവിലുള്ള ബോട്ട് ഡ്രൈവര്‍ തസ്തികയിലേയ്ക്ക് സൂപ്പര്‍ ന്യൂമററിയായി റിപ്പോര്‍ട്ട് ചെയ്ത 4 ഒഴിവുകളില്‍ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) നിലവില്‍ പ്രൊമോഷന്‍ വേക്കന്‍സിയായി ഒഴിച്ചിട്ടിരുന്ന 13 വേക്കന്‍സികളിലേയ്ക്ക് യോഗ്യരായവരുണ്ടോ;

(സി) എങ്കില്‍ റാങ്ക് ലിസ്റ്റില്‍ നിന്നും ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ സര്‍വ്വീസുകള്‍ ഉള്‍പ്പെടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമായ റിപ്പോര്‍ട്ട് ലഭ്യമാക്കുമോ;

(ഇ) ഡ്രൈവര്‍മാരുടെ ഒഴിവുകള്‍ അടിയന്തിരമായി പി.എസ്.സി. ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>മലബാര്‍ ദേവസ്വം ബോര്‍ഡിന്റെ ഭൂമി കൈയ്യേറിയിട്ടുണ്ടെന്ന പരാതി</u>

3813 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലബാര്‍ ദേവസ്വംബോര്‍ഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി പല ഘട്ടങ്ങളിലായി കയ്യേറിയിട്ടുണ്ടെന്ന വസ്തുത സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ബോര്‍ഡില്‍ ചുമതലപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തില്‍ നടത്തിയ അന്വേഷണത്തിന്റെ പ്രാഥമിക വിവരങ്ങള്‍ വെളിപ്പെടുത്തുമോ;

(സി) ആയിരക്കണക്കിന് ഏക്കര്‍ ക്ഷേത്ര ഭൂമി കൈയ്യേറിയവര്‍ക്കെതിരെ കോടതി വ്യവഹാരത്തിന് വേണ്ടി ബോര്‍ഡ് നിയമാനുസൃതം തയ്യാറാക്കിയ അഭിഭാഷക പാനല്‍ തടഞ്ഞുവയ്ക്കാന്‍ സര്‍ക്കാര്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ശ്രീപത്മനാഭ സ്വാമി ക്ഷേത്ര ഭരണം-ഗുരുവായൂർ ക്ഷേത്രം മാതൃകയിൽ സംവിധാനം

3814 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, ആർ. സെൽവരാജ്
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണത്തിന് ഗുരുവായൂർ ക്ഷേത്രം മാതൃകയിൽ സംവിധാനം ഉണ്ടാക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(സി) തിരുവിതാംകൂർ രാജകുടുംബത്തിന്റെ പ്രതിനിധികൾ കൂടി ഉൾക്കൊളളുന്ന, ഗുരുവായൂർ മാതൃകയിലുളള സംവിധാനം വ്യവസ്ഥ ചെയ്തുകൊണ്ടുളള നിയമ നിർമ്മാണത്തിന് സുപ്രീംകോടതി വിധിയുടെ കൂടി അടിസ്ഥാനത്തിൽ ജനാധിപത്യപരമായി തീരുമാനം എടുക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിന് നടപടി</u>

3815 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ക്ഷേത്രങ്ങളുടെ നവീകരണ പ്രവൃത്തികൾക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ട്;

(സി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങളാണ് ജീർണ്ണാവസ്ഥയിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള ഏതെല്ലാം ക്ഷേത്രങ്ങൾ ധനസഹായത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

തിരുവില്വാമല വില്വാദ്രിനാഥ ക്ഷേത്രത്തിനുള്ളിൽ രഹസ്യ നിലവറകൾ

3816 ശ്രീ. ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
,, പുരുഷൻ കടലുണ്ടി
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിദേവസ്വം ബോർഡിനു കീഴിലുള്ള തിരുവില്വാമല വില്വാദ്രിനാഥ ക്ഷേത്രത്തിനുള്ളിൽ രഹസ്യ നിലവറകൾ ഉള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുരാവസ്തുവകുപ്പ് പ്രസ്തുത അറ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇപ്പോൾ ഈ ക്ഷേത്രത്തിന്റെ സുരക്ഷാ ചുമതല ആർക്കാണ് ;

(ഡി) ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കാക്കി പ്രസ്തുത ക്ഷേത്രത്തിന് പ്രത്യേക സുരക്ഷ നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്രത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി</u>

3817 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്രത്തിന്റെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) മാസ്റ്റർ പ്ലാൻ രൂപീകരണത്തിനായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;

(സി) മാസ്റ്റർ പ്ലാനിന് അന്തിമ രൂപം നൽകുന്നതിനും ഗണപതിക്ഷേത്ര വികസനത്തിനുമായി എന്തെല്ലാം അടിയന്തിര നടപടികൾ കൈക്കൊള്ളും ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ക്ഷേത്രത്തിന്റെ സമഗ്രവികസനം</u>

3818 ശ്രീ.സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രസിദ്ധമായ അമ്പലപ്പുഴ ക്ഷേത്രത്തിന്റെ സമഗ്രവികസനത്തിനായി ബോർഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) വിശിഷ്ടമായ പാൽപ്പായസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കോടതി നിർദ്ദേശമനുസരിച്ചുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പാൽപ്പായസം കരിഞ്ചന്തയിൽ വിൽപ്പന നടത്തുന്നതു തടയാൻ സാധിച്ചിട്ടുണ്ടോ;

(ഡി) പാൽപ്പായസനിർമ്മാണത്തിലെ യഥാർത്ഥ പടിത്തരം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഭക്തജനങ്ങൾക്കാവശ്യമായ അളവിൽ പായസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ട്രസ്റ്റിമാരുടെ നിയമന നടപടി

3819 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ നിയമാനുസരണം നടത്തിയ ട്രസ്റ്റിമാരുടെ നിയമന നടപടി നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവുമൂലം നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി മേശപ്പുറത്തു വെയ്ക്കുമോ;

(ബി) ട്രസ്റ്റി നിയമനത്തിനെതിരെ ആരെങ്കിലും സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയെക്കുറിച്ച് ദേവസ്വം ബോർഡിനോട് സർക്കാർ കാരണം ആരാഞ്ഞിരുന്നോ;

(സി) ആക്ഷേപമുന്നയിക്കുന്നവർ കമ്മീഷണറെയോ, കോടതിയെയോ സമീപിക്കാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ബോർഡിന്റെ നിയമാനുസരണവും ഭരണഘടനാപരവുമാ.യ അവകാശത്തെ ചോദ്യം ചെയ്യുന്നതും, ക്ഷേത്ര ഭരണത്തിൽ സ്തംഭനം ഉണ്ടാക്കുകയും ചെയ്യുന്ന പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നിയമം</u>

3820 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങളാണ് ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നിലവിലുള്ള നിയമം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

താന്ത്രികവിദ്യാ പീഠങ്ങൾ

3821 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗതാഗതവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താന്ത്രികവിദ്യ ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്നതിന് കേരളത്തിലെ ദേവസ്വം ബോർഡുകളുടെ കീഴിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ട് ;

(ബി) താന്ത്രിക വിദ്യ ശാസ്ത്രീയമായി അഭ്യസിപ്പിക്കുന്നതിന് സർക്കാർ മേൽനോട്ടത്തിൽ താന്ത്രികവിദ്യാ പീഠങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ആശ്രിത നിയമനം നിയമപരമായി ഉറപ്പുവരുത്താൻ നടപടി

3822 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് നിയമനത്തിന് പ്രത്യേക നിയമങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ:

(ബി) ആശ്രിത നിയമനം പരിരക്ഷിക്കുന്ന വ്യവസ്ഥ പ്രസ്തുത നിയമനങ്ങളിൽ ഉണ്ടോ; എങ്കിൽ ആശ്രിതനിയമനം നിയമപരമായി ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?